പാമ്പാടി: ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിൽ യുവാക്കൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സുപ്രധാനമായ പങ്കുണ്ടെന്ന് ഐക്യരാഷ്ട്ര സംഘടന യുടെ എക്കണോമിക് & സോഷ്യൽ കമ്മീഷൻ ഫോർ ഏഷ്യ - പസഫിക് അസോസിയേറ്റ് എക്കണോമിക് അഫയേഴ്സ് ഓഫീസർ ഡോ. അരുൺ ജേക്കബ് അഭിപ്രായപ്പെട്ടു. കെ.ജി. കോളജിൽ കേരളപ്പിറവിയുടെ വജ്ര ജൂബിലിയും ഇൻഡ്യൻ സ്വാതന്ത്ര്യത്തിൻെറ പ്ലാറ്റിനം ജൂബിലിയും പ്രമാണിച്ച് സംഘടിപ്പിച്ച വജ്ര കേരളം - പ്ലാറ്റിനം ഇൻഡ്യ പരിപാടിയിൽ ഇൻഡ്യയും ഐക്യരാഷ്ട്ര സംഘടനയും എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്ര സംഘ ടനയുടെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ കേരളം മുൻപന്തിയിൽ ഉണ്ടായിരുന്നു. 2015-ൽ ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പരിഭാഷ ഇൻഡ്യയിൽ ആദ്യം പ്രസിദ്ധീകരിച്ചു കൊണ്ട് കേരളം മികച്ച തുടക്കമാണു കുറിച്ചിരിക്കുന്നത്. ഇത് ഈ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിലും ഉണ്ടാകും എന്ന് പ്രത്യാശിക്കുന്നു അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൽ ഡോ. ഷേർളി കുര്യൻ അധ്യക്ഷത വഹിച്ചു. കൺവീനർ പ്രൊഫ. വിപിൻ കെ. വറുഗീസ്, യൂണിയൻ വൈസ് ചെയർപേഴ്സൺ ഗോപിക എച്ച്. കൈമൾ എന്നിവർ പ്രസംഗിച്ചു.